**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4546** **06-03-2023 - ൽ മറുപടിയ്ക്ക്**

**സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കിയ സ്കീമുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ സർക്കാർ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഏതൊക്കെ സ്കീമുകൾക്കാണ് സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കിയിട്ടുള്ളത്; | (എ) | കാലാകാലങ്ങളായി വരുന്ന സർക്കാരുകളുടെ നയപരമായ തീരുമാന പ്രകാരമാണ് ഓരോ സ്കീമുകൾക്കും സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിക്കുന്നത്. ഏതൊക്കെ സ്കീമുകൾക്കാണ് സ്റ്റാമ്പ് ഡ്യൂട്ടി ഇളവനുവദിച്ചിട്ടുള്ളതെന്നുള്ള ഉത്തരവുകൾ ക്രോഡീകരിച്ചു സൂക്ഷിച്ചിട്ടില്ല. |
| (ബി) | ഗ്രാമപഞ്ചായത്തുകൾ 1980-90 കാലഘട്ടത്തിൽ ഭൂരഹിത തൊഴിലാളി പുരനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥലം വാങ്ങി അനുവാദ പത്രിക നൽകുകയും പിന്നീട് സ്ഥലം ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകുന്നതുമായ കേസുകളിൽ സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ ഭൂരഹിത തൊഴിലാളി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥലം വാങ്ങി അനുവാദ പത്രിക നൽകുകയും പിന്നീട് സ്ഥലം ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകുന്നതുമായ കേസുകളിൽ സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിച്ചതായി കാണുന്നില്ല.<br><br>പഞ്ചായത്ത് രാജ് നിയമം നിലവിൽ വരുന്നതിനുമുമ്പ് പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന ഏഴിന പരിപാടിക്ക് വേണ്ടി പഞ്ചായത്തുകൾ സ്ഥലം വാങ്ങുകയോ ആർജിക്കുകയോ ചെയ്യുമ്പോൾ ഉള്ള ആധാര രജിസ്ട്രേഷന് G.O.(P)No.09/1980/TD dtd 22-01-1980(S.R.O.No.179/1980) -ാം നമ്പരായും, പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന പതിനൊന്നിന പരിപാടിക്ക് വേണ്ടി പഞ്ചായത്തുകൾ സ്ഥലം വാങ്ങുകയോ ആർജിക്കുകയോ ചെയ്യുമ്പോൾ ഉള്ള ആധാര രജിസ്ട്രേഷന് G.O.(P)No.11/1989/TD dtd 20.1.1989 (S.R.O.No.107/1989) - ാം നമ്പരായും സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. നിലവിൽ ഏഴിനപരിപാടിയും, പതിനൊന്നിന പരിപാടിയും നിലവിലില്ലാത്തതിനാൽ മുദ്രവിലയിളവുകൾ അനുവദിക്കാറില്ല. |
| (സി) | ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിത തീരുമാനമെടുക്കുന്നതാണ്. |
| (ഡി) | പറപ്പൂക്കര ഗ്രാമപഞ്ചായത്ത് വാർഡ് 9-ൽ | (ഡി) | തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്ത്, |

| | | | |
|---|---|---|---|
| | ഇപ്രകാരം ഭൂമി രജിസ്റ്റർ ചെയ്ത് നൽകുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി ഇളവിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ? | | ഭൂരഹിത തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 9 കുടുംബങ്ങൾക്ക് 4 സെന്റ് വീതം വീടും സ്ഥലവും അനുവദിക്കുകയും അതിൽ 8 കുടുംബങ്ങൾക്ക് അവരുടെ പേരിൽ ഭൂമി രജിസ്റ്റർ ചെയ്തു നൽകുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ ഇളവ് അനുവദിച്ചു കൊണ്ട് G.O(P)No.22/2023/TAXES (S.R.O.No.249/2023), G.O(P)No.21/2023/TAXES (S.R.O.No.248/2023) എന്നീ നമ്പരുകളായി ഉത്തരവായിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ